(എഫ്) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രത്യേക നിയമം കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) ദുർബലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതി 699/95, 727/95 എന്നീ റിട്ട് ഹർജ്ജികളിന്മേൽ 13.12.99-ൽ വിധി പ്രസ്താവിച്ചു. 1995-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗങ്ങൾ (സംസ്ഥാന സർവ്വീസുകളിലെ നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യൽ) ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു. പ്രസ്തുത വിധിന്യായത്തിൽ ജസ്റ്റീസ് ജോസഫ് കമ്മിറ്റി റിപ്പോർട്ട് അതേപടി അംഗീകരിച്ചു. കൂടാതെ 16.1.1998-ൽ സർക്കാർ ഭാഗത്തുനിന്ന് കൂടുതൽ ജാതികളേയും, ഉപജാതികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഫയൽ ചെയ്ത സത്യവാങ്മൂലം അംഗീകരിച്ചു. ജോസഫ് കമ്മിറ്റി കണ്ടെത്തിയ പിന്നോക്കവിഭാഗങ്ങളിലെ മേൽത്തട്ടുകാരെ നിയമനങ്ങളിൽ ഒഴിവാക്കുന്നതു സംബന്ധിച്ചുള്ള പ്രാബല്യം 13.12.99 മുതൽ ഉണ്ടായിരിക്കുന്നതാണ്. പിന്നോക്ക വിഭാഗങ്ങളിലെ മേൽത്തട്ടുകാരെ ഒഴിവാക്കുന്നതിനുവേണ്ടി ഭരണഘടനാ പ്രകാരവും ഇന്ദിരാ സഹാനി, അശോക് കുമാർ താക്കൂർ എന്നീ കേസുകളിലെ വിധിന്യായ പ്രകാരവും ഇപ്പോഴുണ്ടായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും ആവശ്യമുള്ള വ്യവസ്ഥ ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിനെ സുപ്രീംകോടതി അനുവദിച്ചിട്ടുണ്ട്.

(സി) നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) കോടതി വിധിയേ നടപ്പാക്കാൻ സാധിക്കൂ.

(ഇ) 13.12.99-ന് മുമ്പ് നിയമന ഉത്തരവ് കിട്ടിയവർക്ക് കോടതി വിധിബാധമല്ല.

(എഫ്) വിധിന്യായം സർക്കാർ പരിശോധിച്ചുവരുകയാണ്.

മി. സ്പീക്കർ : ചോദ്യം 326, ശ്രീ. കെ.സി. ജോസഫ് , ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

5 (* 326) മേൽത്തട്ട് നിർണ്ണയിക്കുന്നതു സംബന്ധിച്ച സുപ്രീം കോടതി വിധി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലേക്കുള്ള നിയമന കാര്യത്തിൽ സാമ്പത്തികാടിസ്ഥാനം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സാമ്പത്തിക സംവരണം ഏർപ്പെടുത്താൻ ഗവണ്മെന്റിന് ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽത്തട്ടു നിർണ്ണയിക്കുന്നതു സംബന്ധിച്ച സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തു നടപടി കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജോസഫ് കമ്മിറ്റി കണ്ടെത്തിയ പിന്നോക്ക വിഭാഗത്തിലെ മേൽത്തട്ടുകാരെ ഒഴിവാക്കി നിയമനം നടത്താൻ ഉത്തരവുണ്ട്.

(ബി) പരിശോധിക്കാനിരിക്കുന്നതേയുള്ളൂ.

(സി) സുപ്രീം കോടതി വിധി സംസ്ഥാനത്ത് 13.12.99 മുതൽ നടപ്പിൽ വന്നു. ഇതു സംബന്ധിച്ച് ഗവണ്മെന്റ് താഴെപറയും പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

(1) സുപ്രീം കോടതിയിൽ റെവ്യൂഹർജി ഫയൽചെയ്യേണ്ടതുണ്ടോ എന്ന കാര്യത്തിൽ അറ്റോർണി ജനറലിന്റെയോ അല്ലെങ്കിൽ ഒരുന്നതനായ സുപ്രീം കോടതി അഡ്വക്കേറ്റിന്റെയോ ഉപദേശം തേടാൻ തീരുമാനിച്ചു.

(2) സുപ്രീം കോടതി വിധിയുടെ പരാമർശങ്ങളുടെ (59,60 പേജുകളിലുള്ള നിർദ്ദേശം-2) അടിസ്ഥാനത്തിൽ മറ്റു പിന്നോക്കസമുദായങ്ങളിലെ മേൽത്തട്ടുകാരെ കണ്ടെത്താനുള്ള വ്യവസ്ഥകൾ നിർദ്ദേശിക്കുന്നതിന് ഒരു കമ്മിഷനെ നിയമിക്കുവാൻ തീരുമാനിച്ചു. ആ കമ്മിഷൻ അതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(3) മേൽത്തട്ട് സംബന്ധിച്ച് ജോസഫ് കമ്മിറ്റി നിർദ്ദേശിച്ച ശമ്പള സ്കെയിലുകൾ പുതുക്കിയ നിരക്കിൽ പ്രാബല്യത്തിൽ വരുത്തുന്നതാണ്.

(4) ജോസഫ് കമ്മിറ്റി നിർദ്ദേശിച്ച വാർഷികവരുമാന പരിധി ഒന്നരലക്ഷംരൂപ ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ 1.1.2000 മുതൽക്ക് പ്രാബല്യത്തിൽ വരത്തക്കവിധം വർദ്ധിപ്പിക്കാവുന്നതാണ്.

(5) അഡ്വൈസ് മെമ്മോ ലഭിച്ച മറ്റുപിന്നോക്കസമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ അവർ മേൽത്തട്ട് വിഭാഗത്തിൽ ഉൾപ്പെടുന്നില്ലായെന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കാവൂ.

(6) സർട്ടിഫിക്കറ്റ് നൽകാൻ താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാർക്ക് അധികാരമുണ്ടായിരിക്കും.

(എ) ജില്ലാ മജിസ്ട്രേട്ട്/അഡീഷണൽ ജില്ലാ മജിസ്ട്രേട്ട്/കളക്ടർ/ഡെപ്യൂട്ടി കളക്ടർ/ഒന്നാം ക്ലാസ് സ്റ്റൈപെൻഡറി മജിസ്ട്രേട്ട് സബ്-ഡിവിഷണൽ മജിസ്ട്രേട്ട്/താലൂക്ക് മജിസ്ട്രേട്ട്/എക്സിക്യൂട്ടീവ് മജിസ്ട്രേട്ട്/എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ ഒന്നാം ക്ലാസ് സ്റ്റൈപെൻഡറി മജിസ്ട്രേട്ടിന്റെ റാങ്കിനു താഴെയല്ലാത്തത്;

(ബി) ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട്/അഡീഷണൽ ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട്/ പ്രസിഡൻസി/മജിസ്ട്രേട്ട്;

(സി) റവന്യൂ ഓഫീസർ, (തഹസീൽദാരുടെ റാങ്കിന് താഴെയല്ലാത്തവർ)

(ഡി) ഉദ്യോഗാർത്ഥിയോ അയാളുടെ കുടുംബമോ താമസിക്കുന്ന പ്രദേശത്തെ സബ്-ഡിവിഷണൽ ഓഫീസർ.

(7) ജോസഫ് കമ്മിറ്റി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അനുബന്ധം 'എ'യിൽ വിട്ടുപോയ അഞ്ചു സമുദായങ്ങളെയും പത്ത് ഉപജാ

LIBRARY ARCHIVES Kerala Legislative Assembly

തികളെയും (sub castes) ഉൾപ്പെടുത്തി അനുബന്ധം ഭേദഗതി ചെയ്യേണ്ട താണ്.

(8) ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമനങ്ങൾ മരവിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കുന്നതാണ്.

(9) മേൽപ്പറഞ്ഞ തീരുമാനങ്ങൾ ഉടൻതന്നെ പബ്ലിക് സർവ്വീസ് കമ്മീഷനെ എഴുതി അറിയിക്കാനും തീരുമാനിച്ചു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, നമ്മുടെ സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ തീരുമാനം സംസ്ഥാനസർക്കാർ നടപ്പാക്കിയില്ലെന്നു ള്ളതിനെ തുടർന്നാണ് പുതിയൊരു കേസ്സ് ഉണ്ടായത്. ഇത് രണ്ടും ചെയ്യുന്ന തിനുവേണ്ടി അന്ന് ഈ നിയമസഭയിലെ ബഹുഭൂരിപക്ഷം അംഗങ്ങൾ ചേർന്ന് പാസ്സാക്കിയ സംവരണ സംരക്ഷണനിയമമാണ് ഇപ്പോൾ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ റദ്ദു ചെയ്തിരിക്കുന്നത്. ഇതിനെ തിരെ റെവ്യൂ പെറ്റീഷൻ കൊടുത്തിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. നിയമപരമായി ഇക്കാര്യത്തിലുള്ള വിദഗ്ദ്ധന്മാരുടെ അഭിപ്രായം ചോദിക്കാൻ തീരുമാനിച്ചോ. ഒറിജിനൽ വിധി മാറ്റുന്നതിനുവേണ്ടി അതിൽനിന്ന് കേരളത്തിലെ പിന്നോക്ക വിഭാഗക്കാരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമമാണ് ഇപ്പോൾ റദ്ദ് ചെയ്തിരിക്കുന്നത്. ഈ നിയമം റദ്ദു ചെയ്തതാണ് ഇന്ന് നമുക്ക് പ്രശ്നമായി വന്നിരിക്കുന്നത്. അല്ലാതെ ഒറിജിനൽ വിധിയല്ല. ഒറിജിനൽ വിധി മാറ്റാനൊക്കുകയില്ല. ഇതിനെതിരായി റെവ്യൂ ഹർജി കൊടു ത്തിട്ടില്ല, അതിനുള്ള സമയവും കഴിഞ്ഞിരിക്കുകയാണ്. കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന്റെ വിധിയാണ്, അതിനെ ഒന്നും ചെയ്യാനൊക്കുകയില്ല. അതുകൊണ്ട് നമ്മുടെ ഈ നിയമസഭ ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കിയ നിയമം പ്രൊട്ടക്റ്റ് ചെയ്യുന്നതിനുവേണ്ടി എന്തുനടപടിയാണ് ഗവണ്മെന്റ് സ്വീകരിച്ചത്; ഈ നിയമം നിലനിറുത്തുന്നതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന്റെ നിലപാട് എന്താണെന്ന് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സുപ്രീംകോടതി വിധി നടപ്പാക്കലാണ് ഇപ്പോ ഴത്തെ ഉദ്ദേശ്യം. സുപ്രീം കോടതിയുടെ ജഡ്ജ്മെന്റ് ഒന്നും ഞാനും ബാലകൃ ഷ്ണപിള്ളയുമൊന്നും വിചാരിച്ചാൽ മാറ്റാൻ കഴിയുകയില്ല. അതേസമയത്ത് ഇക്കാര്യത്തെപ്പറ്റി ആലോചന നടത്താനും പരിശോധിക്കാനും ഒരുന്നത നിയമജ്ഞനെ കിട്ടുന്നതിനായി അന്വേഷണം നടത്തിയിട്ടുണ്ട്. ഒരു മാസത്തി നകം അതിന്റെ വിശദീകരണം നേടാൻ ഒരു കമ്മീഷനെ നിശ്ചയിക്കാൻ ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. അതാണ് അതിന്റെ ഇപ്പോഴത്തെ സ്ഥിതി. അല്ലാതെ നിങ്ങളുടെ കാലത്ത് പണ്ട് പാസ്സാക്കിയ സംവരണ സംരക്ഷണ നിയമമൊക്കെ സുപ്രീംകോടതിയുടെ വിധിയോടുകൂടി തീർന്നിരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഇവിടെ ഞാൻ ചോദിച്ച ചോദ്യ ത്തിനുള്ള മറുപടിയല്ല അദ്ദേഹം പറഞ്ഞത്. എന്റെ ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞില്ല. ഈ നിയമസഭ പാസ്സാക്കിയ സംവരണസംരക്ഷണ നിയമത്തെ പ്രൊട്ടക്ട് ചെയ്യാൻ എന്തുനടപടി സ്വീകരിച്ചുവെന്നാണ് ഞാൻ ചോദിച്ചത്. എന്നാൽ മറുപടി പറഞ്ഞത് സുപ്രീംകോടതിയുടെ വിധിയെക്കുറിച്ചാണ്. എന്തായാലും ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടി പറയണമെന്ന് എനിക്ക് നിർബ ന്ധമൊന്നുമില്ല. ഞാൻ ചോദിച്ചത് നിയമസഭ പാസ്സാക്കിയ നിയമം നിലനിറുത്തു ന്നതിന് ഗവണ്മെന്റ് സ്വീകരിക്കുന്ന നിലപാടിനെക്കുറിച്ചാണ്, അക്കാര്യത്തിൽ ഗവണ്മെന്റിന്റെ നയമെന്താണെന്നായിരുന്നു ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : യേസ്, രണ്ടാമത്തെ ചോദ്യം ചോദിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എന്റെ രണ്ടാമത്തെ ചോദ്യം നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്ക് ഇന്നിപ്പോൾ ജോസഫ് കമ്മിഷൻ സ്വീകരിച്ചിരിക്കുന്നതായിട്ടുള്ള വരുമാനപരിധി പ്രതിവർഷം ഒന്നരലക്ഷം രൂപവരെയുള്ളവർക്കായിട്ട് നിജപ്പെടുത്തിയിരിക്കുകയാണ്. ഒന്നരലക്ഷം രൂപവരെ പ്രതിവർഷ വരുമാനമുള്ളവർക്കുമാത്രമേ സംവരണം ഉദ്യോഗക്കാര്യത്തിൽ ലഭ്യമാവുകയുള്ളൂ എന്നാണ് കമ്മിഷൻ പറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഉദ്യോഗത്തിന്റെ കാര്യത്തിലും അതുപോലെതന്നെ വിദ്യാഭ്യാസപരമായിട്ടുള്ള കാര്യത്തിലും ഒന്നരലക്ഷത്തിനുമേൽ വരുമാനമുള്ളവർക്ക് സംവരണാനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കുകയില്ല. ഉദാഹരണത്തിന് അദ്ധ്യാപകരായിട്ടുള്ള ദമ്പതിമാരുടെ മക്കൾക്കുപോലും സംവരണാനുകൂല്യം ലഭിക്കാതെവരുന്ന സാഹചര്യമാണ് ഇന്നുണ്ടായിരിക്കുന്നത്. അങ്ങനെ വരുമ്പോൾ അദ്ധ്യാപകരായിട്ടുള്ള ദമ്പതിമാർക്ക് രണ്ടുപേർക്കും കൂടിത്തന്നെ വരുമാനം രണ്ടുലക്ഷത്തിലധികം വരും. അപ്പോൾ അദ്ധ്യാപകരായിട്ടുള്ള ദമ്പതിമാരുടെ മക്കൾക്കുപോലും സംവരണാനുകൂല്യം ലഭിക്കാനിടയാകാത്ത സാഹചര്യമാണ് ഇന്നുണ്ടായിരിക്കുന്നത്. അങ്ങനെ വരുമ്പോൾ അദ്ധ്യാപകരായിട്ടുള്ള ദമ്പതിമാരുടെ കുട്ടികൾക്കുതന്നെ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അപേക്ഷ കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ എന്താണ് ഗവണ്മെന്റ് ചെയ്യാനുദ്ദേശിക്കുന്നത്; ഈ വരുമാനം മൂന്നുമാസത്തേക്കേ നിലവിലിരിക്കുകയുള്ളോ; ഈ മൂന്നുമാസത്തിനകം ജോസഫ് കമ്മിഷൻ സുപ്രീം കോടതി വിധിയനുസരിച്ച്.... മൂന്നുമാസക്കാലം കഴിയുമ്പോൾ അത് നടപ്പിലാക്കിയില്ലെങ്കിൽ കോടതി ലക്ഷ്യത്തിനായി ചീഫ് സെക്രട്ടറിക്കെതിരെ നടപടിയുണ്ടാക്കാനുള്ള സാദ്ധ്യതയുമുണ്ട്. അതുകൊണ്ട് അതിനുമുമ്പായിത്തന്നെ പുതിയ കമ്മിഷൻ റിപ്പോർട്ട് വരുത്താനായിട്ട് എന്തൊക്കെ നടപടികളാണ് ഗവണ്മെന്റ് നടത്തിയിട്ടുള്ളത്; സംവരണാനുകൂല്യത്തിനുള്ള വരുമാനപരിധി നിശ്ചയിക്കാൻ എത്രനാൾക്കകം സാധിക്കുമെന്ന് പറയാമോ?

ശ്രീ. ഇ.കെ. നായനാർ : ഞങ്ങൾ അതിനെ സംബന്ധിച്ചിടത്തോളം ഒരുമാസത്തിനകം കമ്മിഷൻ റിപ്പോർട്ട് തരണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വരുമാനപരിധിയായ ഒന്നരലക്ഷം രൂപ പോരാ ഇന്നത്തെ ആനുപാതികമായ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ അതിന്റെ തോത് വർദ്ധിപ്പിക്കണമെന്ന് പറയുന്നുണ്ട്, വർദ്ധിപ്പിക്കേണ്ടത് വർദ്ധിപ്പിക്കുകയും വേണം.

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവിടെ മുഖ്യമന്ത്രി നൽകിയ മറുപടിയിൽ 16.1.88-ൽ സർക്കാർ ഭാഗത്തുനിന്ന് കൂടുതൽ ജാതികളെയും ഉപജാതികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഫയൽ ചെയ്ത സത്യവാങ്മൂലം അംഗീകരിച്ചുവെന്ന് പറഞ്ഞു. അങ്ങനെ ഉൾക്കൊള്ളിക്കുവാൻ വേണ്ടി ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ ആരെയൊക്കെയാണ് ഗവണ്മെന്റ് ഉൾപ്പെടുത്താൻവേണ്ടി നടപടി സ്വീകരിച്ചെതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അതിന് വ്യക്തമായ മറുപടി പറയണമെങ്കിൽ പ്രത്യേക നോട്ടീസ് വേണം.

ശ്രീ. ടി.എം. ജേക്കബ് : സർ, അത് മെയിൻ ക്വസ്റ്റ്യനല്ലേ, മുഖ്യമന്ത്രിയുടെ നേരത്തെ പറഞ്ഞ മറുപടിയിലുള്ളതാണ് ഞാൻ ചോദിച്ചത്. അതിന്റെ ഡീറ്റെയിൽസിനെക്കുറിച്ചാണ് ഞാൻ ചോദിച്ചത്. എന്നാൽ അതിന് മറുപടി പറയാൻ പ്രത്യേക നോട്ടീസ് വേണമെന്ന് പറഞ്ഞാൽ അത്

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്റെ രണ്ടാമത്തെ ചോദ്യം ചോദിക്കുകയാണ്. ഈ നിയമം കഴിഞ്ഞ നിയമസഭയിൽ ഇവിടെ ചർച്ചചെയ്തതാണ്. അത് അന്ന് നിയമസഭയിൽ ചർച്ചയ്ക്കുവന്ന അവസരത്തിൽ കേരള സംസ്ഥാന പിന്നോക്കവിഭാഗങ്ങൾ സർവ്വീസുകളിലെ നിയമനങ്ങളിൽ അതായത് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യൽ ആക്ട് ഇവിടെ ചർച്ചയ്ക്ക് വന്ന അവസരത്തിൽ അന്ന് നിയമസഭയിൽ സി.പി.ഐ.(എം) ഒഴികെയുള്ള എല്ലാകക്ഷികളും അന്ന് ഈ നിയമത്തെ പിൻതാങ്ങുകയാണ് ചെയ്തത്. അതിന് വ്യത്യസ്തമായ ഒരു നിലപാട് സ്വീകരിച്ച അങ്ങ് അന്ന് നിയമസഭയിൽ പ്രസംഗിച്ചിട്ടുമുണ്ട്. ഇപ്പോൾ മുഖ്യമന്ത്രിയായിരിക്കുന്ന സാഹചര്യത്തിൽ അങ്ങ് പഴയ അഭിപ്രായത്തിൽ തന്നെ ഉറച്ചുനിൽക്കുന്നോ അതോ പുതിയ എന്തെങ്കിലും നയങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അതിനെപ്പറ്റിയൊന്നും ഇപ്പോൾ ചോദിക്കണ്ട. ഇപ്പോൾ സുപ്രീംകോർട്ടിന്റെ ജഡ്ജുമെന്റിന്റെ മുകളിൽ ഒരുമാസത്തിനുള്ളിൽ കമ്മിറ്റി അതിനെപ്പറ്റിയുള്ള ഒരു റിപ്പോർട്ട് ക്യാബിനറ്റിന് തരാൻവേണ്ടി ഉന്നതാധികാര കമ്മിഷനെ നിശ്ചയിച്ച് അതിന്റെ റിപ്പോർട്ട് വാങ്ങിയിട്ട് നമുക്ക് നടപടി സ്വീകരിക്കാമെന്നുള്ളതാണ്. പണ്ടത്തെ കാര്യം ഇപ്പോൾ ചോദിക്കണ്ട.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ക്രീമിലെയർ നടപ്പാക്കുന്നതിനുമുമ്പ് പിന്നോക്ക വിഭാഗങ്ങൾക്ക് സർവ്വീസ് രംഗത്ത് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ? ഇല്ലെങ്കിൽ ക്രീമിലെയർ നടപ്പാക്കിയാൽ ഇപ്പോഴുള്ള ആനുകൂല്യങ്ങൾപോലും കുറയുമെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അത് കണക്കെടുക്കാൻ വേണ്ടിയാണ് കമ്മിഷനെ വയ്ക്കണമെന്ന് പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. ജോണി നെല്ലൂർ</u> : ഈ സംസ്ഥാനത്തെ മുന്നോക്കസമുദായങ്ങളിലെ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ധാരാളം ആളുകളുണ്ട്. ആ ആളുകൾക്ക് സാമ്പത്തികസംവരണം ഏർപ്പെടുത്തി ഗവണ്മെന്റ് നിയമനങ്ങളിലും വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിലും സാമ്പത്തിക സംവരണം ഏർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : കഴിഞ്ഞ തവണത്തെ ചർച്ചയിൽത്തന്നെ വന്നതാണല്ലോ ഇപ്പോളിവിടെ ഉന്നയിച്ച പ്രശ്നം. കഴിഞ്ഞ നിയമസഭയിൽ ഈ നിയമം പാസ്സാക്കുമ്പോൾത്തന്നെ വന്നതാണ് ഈ പ്രശ്നം. ഇപ്പോൾ ഏതായാലും ഇപ്പോഴത്തെ സുപ്രീംകോടതിയുടെ ജഡ്ജുമെന്റിന്റെ മുകളിലുള്ള നടപടിക്രമങ്ങൾ എടുക്കുകയെന്ന് മാത്രമേയുള്ളൂ. അല്ലാതെ മുന്നോക്കത്തിലെ പിന്നോക്കത്തെപ്പറ്റി ആലോചിച്ചിട്ടില്ല. അക്കാര്യം മുമ്പ് ഇവിടെ വിവാദമുണ്ടായതാണ്.

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : ഇപ്പോൾ റദ്ദാക്കപ്പെട്ടിട്ടുള്ള നിയമത്തിന് നിയമസാധ്യത കിട്ടാൻ, അതിന് നിയമപരമായിട്ടുള്ള അംഗീകാരം കിട്ടാൻ നിയമസഭ ഇത് 9-ാം ഷെഡ്യൂളിൽ ചേർക്കുന്നതിനുവേണ്ട നടപടി എടുപ്പിക്കാൻ ഈ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അതൊരു നിയമം റദ്ദാക്കപ്പെട്ടത് റദ്ദാക്കിയതു തന്നെയാണ്. അല്ലാതെ പുതുതായി അതിന് നിയമസാധുത കിട്ടാനുള്ള നടപടികളൊന്നും എടുക്കാൻ പോകുന്നില്ല. ഇനിയിപ്പോൾ നിയമസാധുത കിട്ടാനൊന്നും പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരിയമ്മ : മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി പറഞ്ഞുനടക്കുന്നത് ഇവിടെ പിന്നോക്കവിഭാഗക്കാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സർക്കാർ ജോലി കിട്ടാതെ വന്നാൽ സാമ്പത്തികമായി ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്ന പിന്നോക്ക വിഭാഗക്കാർക്ക് കൊടുക്കുന്നതിനുള്ള നടപടിയുണ്ടാവുമെന്നാണ്. ആ വിധത്തിൽ പറയുന്നത് പ്രാവർത്തിക മാകത്തക്ക നിലയിൽ അത് പിന്നോക്കവിഭാഗക്കാർക്ക് കൊടുക്കുന്നതിനാ വശ്യമായിട്ടുള്ള നിയമനിർമ്മാണം ഇന്നത്തെ സുപ്രീംകോടതി വിധിയെ മറികടക്കുന്നതിനും സഹായകമായനിലയിൽ കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാകുമോ? മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിൽ അതില്ല. അതുകൊണ്ട് ആ തസ്തികകൾ ജനറൽ വിഭാഗത്തിലേക്ക് പോകുന്നുണ്ട്. അല്ലാതെ മറ്റുവിഭാഗ ക്കാർക്ക് അത് പോകുന്നില്ല. അതുകൊണ്ട് പിന്നോക്ക വിഭാഗക്കാർക്ക് സംവരണംചെയ്യപ്പെട്ടിട്ടുള്ള തസ്തികകൾ അവർക്ക്തന്നെ, ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്ന പിന്നോക്കവിഭാഗക്കാർക്കുതന്നെ കിട്ടാനാവശ്യമായിട്ടുള്ള നടപടി കൈക്കൊള്ളുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ഉദ്യോഗത്തിന്റെ കാര്യത്തിൽ അത് പിന്നോക്കവിഭാഗത്തിന് തന്നെ കിട്ടാനാവശ്യമായ എല്ലാനടപടികളും എടുക്കും. അത് തീർച്ചയായിട്ടും സ്വീകാര്യമാണ്. അത് നിയമപരമായിട്ട് നോക്കാം, അത്രയേയുള്ളൂ.

ശ്രീ. കെ.സി. ജോസഫ് : സർ, ഇവിടെ ചോദ്യം 326-ന്റെ 'സി' വിഭാഗത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്, സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ മറ്റുപിന്നോക്ക വിഭാഗങ്ങളിലെ മേൽത്തട്ടുകാരെ കണ്ടെത്താനായി ഒരു കമ്മിഷനെ നിയമിക്കും എന്നാണ്. ആ കമ്മിഷനായിട്ട് ആരെയാണ് നിയോഗിച്ചിരിക്കുന്നത്; ഈ കമ്മിഷന്റെ ടേംസ്ഓഫ് റഫറൻസ് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇവിടെ കമ്മിഷനെ നിശ്ചയിക്കാൻ തീരുമാനിച്ച് ഉന്നതനായിട്ടുള്ള ഒരു നിയമജ്ഞനെ കിട്ടാനുള്ള പരിശ്രമം നടത്തുന്നുണ്ട്. അതിനുള്ള കമ്മിഷനെ നിശ്ചയിച്ചുകഴിഞ്ഞാൽ അതിന്റെ പേര് പറയാം.

മി. സ്പീക്കർ : യേസ്, ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*301) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയം

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തുന്നതു മൂലം കാർഷിക ഉൽപന്നങ്ങൾക്ക് വിലക്കുറവ് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

1062/2010.